**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **06-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ നവീകരണവുമായി ബന്ധപ്പെട്ട് ഉയർന്ന അഴിമതി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരമൊരു ആരോപണം സംബന്ധിച്ച് മലപ്പുറം ജില്ലാ പോലീസ് മേധാവിയ്ക്ക് പരാതി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | എത്ര ലക്ഷം രൂപയുടെ നവീകരണമാണ് തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ നടന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ 30,72,452/- (മുപ്പതു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാന്നൂറ്റി അമ്പത്തിരണ്ട്) രൂപയുടെ നവീകരണ പ്രവൃത്തികളാണ് നടന്നിട്ടുള്ളത്. പ്രവൃത്തികളുടെ വിശദ വിവരം *അനുബന്ധ*മായി ചേർക്കുന്നു. |
| (സി) | പോലീസ് പിടിച്ചെടുത്ത തൊണ്ടി മണൽ പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് അനുമതിയുണ്ടായിരുന്നോയെന്ന് അറിയിക്കാമോ; നവീകരണത്തിന് സ്റ്റേഷൻ പരിധിയിലെ വിവിധ ഷോപ്പുകളിൽ നിന്നും പണം നൽകാതെ സാധനങ്ങൾ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | പോലീസ് പിടിച്ചെടുത്ത തൊണ്ടിയിൽപ്പെട്ട മണൽ പോലീസ് സ്റ്റേഷൻ നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ അനുമതി നൽകുകയോ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. തിരൂരങ്ങാടി പോലീസ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനത്തിന് സ്റ്റേഷൻ പരിധിയിലെ വിവിധ ഷോപ്പുകളിൽ നിന്നും പണം നൽകാതെ സാധനങ്ങൾ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പോലീസിന് പാരിതോഷികമായോ, സ്പോൺസർഷിപ്പിലോ നിർമ്മാണ പ്രവൃത്തികൾ നടത്താൻ അനുമതിയുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അത്തരത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഇത്തരം നവീകരണ പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ; അത്തരം കാര്യങ്ങൾക്ക് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | പോലീസിന് പാരിതോഷികമായോ സ്പോൺസർഷിപ്പിലോ നിർമ്മാണ പ്രവൃത്തികൾ നടത്താൻ അനുമതി നൽകുകയോ ഇത്തരത്തിൽ നവീകരണ പ്രവൃത്തികൾ നടത്തുകയോ ചെയ്തിട്ടില്ല. |
| (ഇ) | ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സ്കീം | തുക |
|---|---|---|---|
| 1. | Upgradation of Police Station | സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 | 500000 |
| 2. | CCTV Camera Installation | സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 | 72452 |
| 3. | Women Help Desk | സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 | 100000 |
| 4. | Essential furniture | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 125000 |
| 5. | Equipments | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 125000 |
| 6. | Basic Training Unit | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 125000 |
| 7. | Smart Storage | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 125000 |
| 8. | Women friendly & Child friendly | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 275000 |
| 9. | Upkeeping Maintenance of Police Station | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 625000 |
| 10. | Ramp & Disabled Friendly Toilet in PS | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 125000 |
| 11. | Basic Amenity of PS | സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 | 875000 |
| | | ആകെ | 30,72,452 |

സെക്ഷൻ ഓഫീസർ